# Athmaraksha.org

പാപ്പ ലോകത്തിനു നൽകുന്ന സന്ദേശം

## വിഗ്രഹാരാധനക്കെതിരെ കരുതലുള്ളവരായിരിക്കുക: ഫ്രാൻസിസ് പാപ്പ



വത്തിക്കാൻ: വിഗ്രഹാരാധന പാപമാണെന്നും അതിനെതിരെ കരുതലുള്ളവരായിരിക്കണമെന്നും ഫ്രാൻസിസ് പാപ്പ. ഈ ലോകത്തിന്റേതായ എല്ലാ സുഖങ്ങളും ഇല്ലാതാകുമെന്നും സൃഷ്ടാവായ ദൈവമാണ് പരമസത്യമാണെന്നും ഇന്നലെ സാന്റ മാർത്തയിൽ ദിവ്യബലി അർപ്പിച്ചുകൊണ്ടു നൽകിയ സന്ദേശത്തിൽ അദ്ദേഹം പറഞ്ഞു.
കാറ്റ്, അഗ്നി, വായു, ജലം തുടങ്ങിയ പ്രകൃതി ശക്തികളെയെല്ലാം ദൈവമായി ചിലർ കാണുന്നു. എന്നാൽ ഇവയൊക്കെ സൃഷ്ടിച്ച ദൈവത്തിന്റെ മഹത്വം നാം ദർശിക്കുന്നില്ല. സൂര്യനും ചന്ദ്രനും നക്ഷത്രങ്ങളുമെല്ലാം സുന്ദരങ്ങളാണ്. അവയുടെ സൗന്ദര്യം ആസ്വദിക്കുന്നതും നല്ലതാണ്. എന്നാൽ അതിനപ്പുറം അവയെ ആരാധിക്കരുത്. പകരം സൃഷ്ടാവായ ദൈവത്തെയാണ് ആരാധിക്കേണ്ടത്.
ഈ ലോകത്തിലെ സുഖങ്ങളെല്ലാം നശ്വരമാണ്. അവയെല്ലാം ഒരിക്കൽ മങ്ങും. നമ്മുടെ ചില ശീലങ്ങളെല്ലാം മാറ്റേണ്ടതുണ്ട്. ചെറിയ സുഖങ്ങൾക്കുവേണ്ടി നിത്യമായ പരമാനന്ദത്തെ പരിത്യജിക്കരുതെന്നും മാർപാപ്പ കൂട്ടിച്ചേർത്തു.